# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5157 06.02.2014-ൽ മറുപടിയ്ക്ക്

### കാസർഗോഡ് ജില്ലാ നബിദിനറാലിയിൽ പട്ടാളവേഷം ധരിച്ച കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) കാസർഗോഡ് ജില്ലയിൽ 2012-ൽ നബിദിന റാലിയിൽ പട്ടാളവേഷം ധരിച്ച് മാർച്ച് നടത്തിയവർക്കെതിരെ കേസ് എടുത്തി ട്ടുണ്ടോ; എങ്കിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും ആരൊക്കെയാണ് പ്രതികൾ എന്നും ഈ കേസുകളിൽ എത്രപേരെ പിടികിട്ടാനുണ്ടെന്നും വിശദമാക്കാമോ ; | (എ) കാസർഗോഡ് ജില്ലയിൽ 2012-ൽ നബിദിന റാലിയിൽ പട്ടാളവേഷം ധരിച്ച് മാർച്ച് നടത്തിയവർക്കെതിരെ പോലീസ് 4 കേസുകൾ എടുത്തിട്ടുണ്ട്.പ്രസ്തുത കേസുകൾ അന്വേഷണാ വസ്ഥയിൽ ആയതിനാൽ പ്രതികളുടെ പേര് വിവരം വെളിപ്പെടുത്താൻ നിർവ്വാഹമില്ല. ഈ 4 കേസുകളിലായി 140 പ്രതികളെ പിടികിട്ടാനുണ്ട്. |
| ബി) ഈ കേസിൽ സംസ്ഥാന പോലീസ് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാ ക്കാമോ ; ഇല്ലെങ്കിൽ കാരണം എന്താ ണെന്ന് വിശദമാക്കാമോ ; | (ബി) ഇല്ല. കേസ് അന്വേഷണാവസ്ഥയിലാണ് |
| സി) മേൽ കേസുകൾ പിൻവലിക്കുന്നതിന് സർക്കാർ നിരാക്ഷേപപത്രം നൽകി യിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പും അപേക്ഷകളുടെ പകർപ്പും ആയതിന് നൽകിയ ശുപാർശകത്തുകളുടെ പകർപ്പും ലഭ്യമാക്കാമോ ; | (സി) ഇല്ല. |
| ഡി) സമാനമായ സംഭവം ഈ വർഷത്തെ നബിദിന റാലിയിലും ആവർത്തിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വർഷത്തെ നബിദിന റാലിയിൽ പട്ടാള വേഷം ധരിച്ച് മാർച്ച് നടത്തിയവർക്കെതിരെ കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ ക്രൈം നം 49/14, ക്രൈം നം. 56/14 എന്നീ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ